## ആഭ്യന്തര വിജിലൻസ് സംവിധാനം

152(3510) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ ഓഫീസുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തമാക്കി ജോലിചെയ്യാത്ത ജീവനക്കാരെ കണ്ടെത്തണമെന്ന നിർദ്ദേശം വിജിലൻസ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇല്ല. എന്നാൽ ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തമാക്കുന്നതിനും വകുപ്പുതല വിജിലൻസ് സെൽ രൂപീകരിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തി വകുപ്പുതല വിജിലൻസ് പരിശോധനകൾ ശക്തമാക്കുന്നതിനും ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കർശന നിർദ്ദേശം കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്.

## വിജിലൻസ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശ

153(3511) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണതലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനും വിവിധ ഓഫീസുകളിൽ നിന്നുള്ള സേവനം ജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് പൂർണ്ണതോതിൽ വിജയപ്രദമാക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകളിലെ വിജിലൻസ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അഴിമതി നിരോധന നിയമം, കേരള ലോകായുക്ത നിയമം എന്നിവയിൽ ഇക്കാര്യത്തിന് അനുസൃതമായി മാറ്റങ്ങൾ വരുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിജിലൻസ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഇ) പൊതുപ്രവർത്തകരെക്കുറിച്ച് ജനങ്ങൾക്ക് സുതാര്യവും വിശ്വാസ യോഗ്യവുമായ നിലയിൽ വിവരങ്ങൾ നൽകുവാനും അന്യസംസ്ഥാനങ്ങളിലോ അന്യരാജ്യങ്ങളിലോ അവർക്കുള്ള സ്വത്തുക്കൾ പൊതുജന മദ്ധ്യത്തിൽ കൊണ്ടുവരുവാനുമുള്ള നടപടിയുടെ ഭാഗമായി നിർദ്ദേശം സമർപ്പിക്കുവാൻ കമ്മീഷനെ നിയോഗിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഭരണതലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം, 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുകയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അഴിമതി തടയുന്നതിനുവേണ്ടി വകുപ്പുകളിൽ ഇന്റേണൽ വിജിലൻസ് സംവിധാനവും നിലവിലുണ്ട്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (iaps) ആരംഭിച്ചിട്ടുണ്ട്.

(ബി) ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തമാക്കുന്നതിനും വകുപ്പുതല വിജിലൻസ് സെൽ രൂപീകരിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തി വകുപ്പുതല വിജിലൻസ് പരിശോധനകൾ ശക്തമാക്കുന്നതിനും ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അഴിമതി നിരോധന നിയമം, കേരള ലോകായുക്ത നിയമം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് അഴിമതിക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നത്.

(ഡി) വിജിലൻസ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) നിലവിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly